LIBRARY ARCHIVES Kerala Legislative Assembly

നിലമ്പൂരിലെ 110 കെ.വി. സബ് സ്റ്റേഷനിലേയ്ക്കുള്ള പ്രസരണ ലൈൻ ശേഷി വർദ്ധിപ്പിക്കുന്ന നടപടി

210(5369) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട നിലമ്പൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിലമ്പൂരിലെ 110 കെ.വി. സബ്സ്റ്റേഷനിലേയ്ക്കുള്ള പ്രസരണ ലൈൻ മോണോപ്പോൾ സ്ഥാപിച്ച് ശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ വിശദമായ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽ സമർപ്പിച്ചിട്ടുണ്ടോ; എന്നാണ് എസ്റ്റിമേറ്റ് സമർപ്പിച്ചതെന്നും എത്ര തുകയാണ് ഇതിനായി പൊതുമരാമത്ത് വകുപ്പ് അടയ്ക്കേണ്ടതെന്നും അറിയിക്കാമോ?

നിലമ്പൂരിലെ 110 കെ.വി സബ് സ്റ്റേഷനിലേയ്ക്കുള്ള പ്രസരണ ലൈൻ മോണോപ്പോൾ സ്ഥാപിച്ച് ശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള എസ്റ്റിമേറ്റ് 3-4-2019-ന് മലപ്പുറം ട്രാൻസ്മിഷൻ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, മലപ്പുറം, എക്സിക്യൂട്ടീവ് എഞ്ചിനീയർ, PWD Roads, Manjeri-ക്ക് നൽകിയിട്ടുണ്ട്. 7.383 കോടി രൂപയാണ് ഈ ഇനത്തിൽ പൊതുമരാമത്ത് വകുപ്പ് അടയ്ക്കേണ്ടത്.

(ബി) 110 കെ.വി. ലൈൻ നിലമ്പൂർ ബൈപ്പാസിന്റെ 1.5 മീറ്റർ മീഡിയൻ സ്ലിപ്പിലൂടെ ആണോ കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; ബൈപ്പാസിന്റെ തുടക്കം മുതൽ ഒടുക്കം വരെ ഇപ്രകാരം പ്രസരണ ലൈൻ സ്ഥാപിക്കാനാണോ തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; നിലമ്പൂർ ബൈപ്പാസിന്റെ എത്ര കിലോ മീറ്റർ ദൂരത്തിലാണ് മീഡിയൻ സ്ലിപ്പിൽ മോണോപ്പോൾ സ്ഥാപിച്ച് പ്രസരണ ലൈൻ നിർമ്മിക്കേണ്ടതെന്നും ഏത് പ്രദേശം മുതൽ ഏത് പ്രദേശം വരെയാണ് ഇങ്ങനെ നിർമ്മിക്കേണ്ടതെന്നും വ്യക്തമാക്കാമോ?

നിർദ്ദിഷ്ട ബൈപ്പാസ് റോഡിന്റെ മീഡിയൻ സ്ലിപ്പിലൂടെയാണ് 110 കെ. വി ലൈൻ ഡബിൾ സർക്യൂട്ട് ആക്കി കൊണ്ടുപോകാൻ ഉദ്ദേശിച്ചിട്ടുള്ളത്. ബൈപ്പാസ് റോഡ് നിലമ്പൂർ ജ്യോതിപ്പടിയിൽ നിന്നും തുടങ്ങി 800 മീറ്റർ കഴിഞ്ഞ് വീട്ടിക്കുത്ത് എന്ന സ്ഥലത്ത് KSEB-യുടെ നിലവിലുള്ള Right of Way (RoW)-യിൽ പ്രവേശിക്കുന്ന സ്ഥലം മുതൽ ബൈപ്പാസ് റോഡിന്റെ ഒടുക്കം (വെളിയന്തോട്) വരെയാണ് റോഡിന്റെ മീഡിയൻ സ്ലിപ്പിലൂടെ പ്രസരണ ലൈൻ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്. വീട്ടിക്കുത്ത് മുതൽ വെളിയന്തോട് വരെയുള്ള ഉദ്ദേശം 5.2 കി.മീ ദൂരത്തിലാണ് മോണോപ്പോൾ സ്ഥാപിച്ച് ലൈൻ നിർമ്മിക്കേണ്ടത് (ശേഷി വർദ്ധിപ്പിക്കൽ).

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിൽ നിലമ്പൂർ 110 കെ.വി സബ് സ്റ്റേഷനിലേയ്ക്കുള്ള പ്രസരണ ലൈൻ എത്ര സർക്യൂട്ടുകളായിട്ടാണ് സ്ഥാപിച്ചിട്ടുള്ളതെന്നും ഇത് നിലവിലുള്ള ടവറുകളിലാണോ സ്ഥാപിച്ചിട്ടുള്ളതെന്നും ഭാവിയിൽ എത്ര സർക്യൂട്ടുകളാണ് പരമാവധി സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

വീട്ടിക്കുത്ത് എന്ന സ്ഥലത്താണ് നിർദ്ദിഷ്ട ബൈപ്പാസ് റോഡ് കെ.എസ്.ഇ.ബി.-യുടെ പ്രസരണ ലൈനിന്റെ Right of Way (RoW) യിലേയ്ക്ക് പ്രവേശിക്കുന്നത്. നിലമ്പൂർ 110 കെ.വി സബ്സ്റ്റേഷനിലേയ്ക്കുള്ള പ്രസരണ ലൈൻ മഞ്ചേരി മുതൽ വീട്ടിക്കുത്ത് വരെ നിലവിലുള്ള 66 കെ.വി ടവറുകൾ മാറ്റി 110 കെ.വി ടവറുകൾ സ്ഥാപിച്ച് ഡബിൾ സർക്യൂട്ട് ആയി വലിച്ചിട്ടുണ്ട്. വീട്ടിക്കുത്ത് മുതൽ വെളിയങ്കോടുവരെ നിലവിലുള്ള 66 കെ.വി ടവറുകളിൽ ഇൻസുലേറ്റഡ് ക്രോസ് ആം (Insulated cross arm) ഉപയോഗിച്ച് ഒരു സർക്യൂട്ട് 110 കെ.വി ലൈൻ താല്കാലികമായി വലിച്ചാണ് 110 കെ.വി സബ്സ്റ്റേഷനുകളായ നിലമ്പൂർ, എടക്കര എന്നീ സബ്സ്റ്റേഷനുകൾ ചാർജ്ജ് ചെയ്തിട്ടുള്ളത്. ആകെ രണ്ട് 110 കെ.വി സർക്യൂട്ടുകൾ (ഡബിൾ സർക്യൂട്ട്) ആണ് ഭാവിയിൽ സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) നിർദ്ദിഷ്ട നിലമ്പൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള 66 കെ.വി. എച്ച്.ടി. ടവറുകളിൽത്തന്നെ പ്രസരണ ലൈൻ 110 കെ.വി.-യാക്കി ശേഷിവർദ്ധിപ്പിക്കുന്നതിന് സാങ്കേതിക തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കാമോ; എന്തുകൊണ്ടാണ് മോണോപ്പോൾ സ്ഥാപിക്കണമെന്ന തീരുമാനത്തിലേയ്ക്ക് വൈദ്യുതി വകുപ്പ് എത്തിച്ചേർന്നതെന്നും വിശദമാക്കാമോ; സുരക്ഷാ പ്രശ്നങ്ങളാണെങ്കിൽ അവ എന്താണെന്നും മോണോപ്പോൾ അല്ലാത്ത മറ്റ് പരിഹാരമാർഗ്ഗങ്ങൾ ഉണ്ടോയെന്നും അറിയിക്കാമോ?

നിർദ്ദിഷ്ട ബൈപാസ് റോഡ് കെ.എസ്.ഇ.ബി.-യുടെ പ്രസരണ ലൈനിന്റെ Right of Way (RoW)-യിൽ പ്രവേശിക്കുന്നുണ്ട്. CEA അനുശാസിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങൾ പ്രകാരം ടവർ ഫൂട്ടിംഗും റോഡിന്റെ അരികും തമ്മിൽ 10 മീറ്റർ എങ്കിലും അകലം വേണം. ബൈപാസ് റോഡിന്റെ അലൈൻമെന്റ് അനുസരിച്ച് ടി സുരക്ഷാ അകലം പാലിക്കാൻ സാധിക്കുകയില്ല. ഇത് പൊതുജനങ്ങളുടെ ജീവന് ഭീഷണിയാണ്. ബൈപാസ് റോഡിന്റെ ലെവൽ ചില സ്ഥലങ്ങളിൽ ഉയർത്താൻ സാധ്യതയുള്ളതിനാൽ ലൈനിന് ആവശ്യമായ ഗ്രൗണ്ട് ക്ലിയറൻസ് ലഭിക്കാതെ വരും. നിലവിലുള്ള ലൈൻ നിർദ്ദിഷ്ട റോഡിനെ എട്ടോളം ലൊക്കേഷനുകളിൽ മുറിച്ചുകടക്കുന്നുണ്ട്. ആവശ്യമായ ഗ്രൗണ്ട് ക്ലിയറൻസ് ഇല്ലെങ്കിൽ അപകടസാധ്യത ഉണ്ട്. ടി കാരണങ്ങൾമൂലം നിർദ്ദിഷ്ട ബൈപാസ് റോഡിന്റെ നിർമ്മാണം

തടസ്സപ്പെടാതിരിക്കാനും മുകളിൽ പറഞ്ഞിരിക്കുന്ന സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കാനും മോണോപ്പോൾ ഉപയോഗിച്ച് ലൈൻ വലിക്കുക മാത്രമാണ് പോംവഴി എന്ന തീരുമാനത്തിൽ എത്തിയത്.

(ഇ) നിർദ്ദിഷ്ട നിലമ്പൂർ ബൈപ്പാസിന്റെയും 110 കെ.വി. പ്രസരണ ലൈനിന്റെയും സംയോജിപ്പിച്ച അലൈൻമെന്റ് ഡിസൈൻ ലഭ്യമാക്കാമോ; എവിടെയൊക്കെയാണ് പ്രസരണ ലൈൻ റോഡ് മുറിച്ച് കടക്കുന്നതെന്നും വ്യക്തമാക്കാമോ?

ചക്കാലക്കുത്ത് (2 ക്രോസ്സിംഗ്), കാർബൺ ഫാക്ടറി (1 ക്രോസ്സിംഗ്), പട്ടരാക്ക (1 ക്രോസ്സിംഗ്), നെടുമുണ്ടക്കുന്ന് (1 ക്രോസ്സിംഗ്), അമ്പാർ പൊയിൽ (1 ക്രോസ്സിംഗ്), മമ്പന്താനി (1 ക്രോസ്സിംഗ്), വെളിയന്തോട് (1 ക്രോസ്സിംഗ്) തുടങ്ങി എട്ടോളം ഭാഗത്ത് നിലവിലുള്ള ലൈനിനെ ബൈപാസ് റോഡ് മുറിച്ചുകടക്കുന്നുണ്ട്. ബൈപ്പാസ് റോഡിന്റെ ലെവൽ (വീതിയും ഉയരവും) വിശദമാക്കിക്കൊണ്ടുള്ള സ്കെച്ച് പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയിട്ടില്ല. ഇത് ലഭ്യമായാൽ മാത്രമേ സംയോജിപ്പിച്ച് അലൈൻമെന്റ് ഡിസൈൻ ഉണ്ടാക്കാൻ കഴിയുകയുള്ളൂ. സ്കെച്ച് ലഭ്യമാക്കുന്നതിന് പി.ഡബ്ല്യു.ഡി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സൗരോർജ്ജ പദ്ധതികൾ

211(5370) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗരോർജ്ജത്തിൽനിന്നും എത്ര കിലോ വാട്ട് വൈദ്യുതിയാണ് ഉത്പാദിപ്പിക്കുന്നത്; ഇപ്രകാരം ഉത്പാദിപ്പിക്കുന്ന വൈദ്യുതി പ്രധാനമായും ഏതെല്ലാം ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ സൗരോർജ്ജ സ്ഥാപിതശേഷി 304.26 മെഗാവാട്ടാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഇപ്രകാരം ഉത്പാദിപ്പിക്കുന്ന വൈദ്യുതി ഗാർഹികാവശ്യത്തിനും വാണിജ്യാവശ്യത്തിനും കൃഷിയാവശ്യത്തിനും വ്യവസായികാവശ്യത്തിനും പ്രധാനമായും ഉപയോഗിക്കുന്നു. സംസ്ഥാനത്ത് 15,299 വീടുകളിലായി 29,120 കിലോ വാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകളാണ് അനെർട്ട് മുഖേന സ്ഥാപിച്ചിട്ടുള്ളത്. 361 സ്ഥാപനങ്ങളിലായി 5,580 കിലോ വാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകളാണ് അനെർട്ട് മുഖേന സ്ഥാപിച്ചിട്ടുള്ളത്. ഇതിൽ സർക്കാർ ഓഫീസുകൾ.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly